**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1260** **07-10-2021 - ൽ മറുപടിയ്ക്ക്**

**കോവിഡാനന്തര കാലത്തെ ടൂറിസം വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ഡോ. എൻ. ജയരാജ്** | | **Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | കോവിഡ് സാഹചര്യത്തിൽ പ്രതിസന്ധിയിലായ ടൂറിസം രംഗം പൂർവ്വസ്ഥിതിയിലാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; | (എ) | കോവിഡ് 19 ന്റെ ഒന്നും രണ്ടും തരംഗങ്ങൾ സംസ്ഥാനത്തെ വിനോദസഞ്ചാരമേഖലയെ ഏറെ പ്രതികൂലമായി ബാധിച്ചിരുന്നു. അത് പരിഹരിക്കാനായി സർക്കാർ നടപ്പിലാക്കിയ വിവിധ സ്കീമുകളാണ് ടൂറിസം വർക്കിംഗ് ക്യാപിറ്റൽ സപ്പോർട്ട് സ്കീം, ടൂറിസം എംപ്ലോയ്മെന്റ് സപ്പോർട്ട് സ്കീം, ടൂറിസം ഗൈഡ് സപ്പോർട്ട് സ്കീം, ടൂറിസം ഹൗസ്ബോട്ട് സപ്പോർട്ട് സ്കീം എന്നിവ. ഇതുമൂലം വിനോദസഞ്ചാരമേഖലയിലെ നിരവധി നിക്ഷേപകർക്കും തൊഴിലാളികൾക്കും പ്രത്യക്ഷമായും പരോക്ഷമായും ഏറെ ഗുണം ചെയ്തിരുന്നു. ഈ പദ്ധതികളിൽ ടൂറിസം ഗൈഡ് സപ്പോർട്ട് സ്കീം ഒഴികെയുള്ള പദ്ധതിയുടെ കാലാവധി 31-12-2021 വരെ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. ടൂറിസം ഗൈഡ് സപ്പോർട്ട് സ്കീം ദീർഘിപ്പിച്ചു നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. സംസ്ഥാനത്ത് കോവിഡ് മൂലം പ്രയാസമനുഭവിക്കുന്ന വിവിധ ടൂറിസം മേഖലയിലുള്ളവർക്ക് സഹായകരമാകുന്ന വിവിധ ധനസഹായ പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലുണ്ട്. റിവോൾവിംഗ് ഫണ്ട് പദ്ധതി കോവിഡ് മഹാമാരിയുടെ വ്യാപനത്തെത്തുടർന്ന് പ്രതിസന്ധിയിലായ ടൂറിസം മേഖലയിലെ തൊഴിലാളികളെയും ചെറുകിട സംരംഭകരെയും ഉത്തരവാദിത്ത ടൂറിസം മിഷൻ യൂണിറ്റുകളെയും സംരംഭകരെയും സാമ്പത്തികമായി സഹായിക്കുന്നതിനുള്ള റിവോൾവിംഗ് ഫണ്ട് പദ്ധതിയ്ക്ക് 10 കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. വർക്കിംഗ് ക്യാപ്പിറ്റൽ ലോൺ അസിസ്റ്റൻറ് സ്കീം ടൂറിസം സംരംഭകർക്കായി കെ.എഫ്.സി. മുഖാന്തരം സംസ്ഥാന സർക്കാർ ബഡ്ജറ്റിൽ പ്രഖ്യാപിച്ച 400 കോടി രൂപയുടെ പദ്ധതിയാണ് ഇത്. ഈ പദ്ധതി ആവിഷ്കരിച്ച് |

| | | | |
|---|---|---|---|
| | | | നടപ്പാക്കുന്നതിന് അനുയോജ്യമായ ഒരു രൂപരേഖ തയ്യാറാക്കാൻ കെ.എഫ്.സിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. കോവിഡ് മഹാമാരി മൂലം പ്രതിസന്ധിയിലായ ട്രാവൽ & ടൂറിസം ഓപ്പറേറ്റർമാരെ സഹായിക്കുന്നതിനായി ഒറ്റത്തവണ ധനസഹായ പദ്ധതി സർക്കാർ പരിശോധിച്ചു വരുന്നു. കൂടാതെ സമൂഹ മാധ്യമങ്ങളിലൂടെ കോവിഡാനന്തര മാർക്കറ്റിംഗ് നടത്തുന്നതിനായി മാർക്കറ്റിംഗ് ഡെവലപ്പ്മെന്റ് അസിസ്റ്റന്റ് സ്കീമും പരിശോധിച്ചു വരുന്നു. |
| (ബി) | കോവിഡ് സാഹചര്യത്തിൽ പ്രോട്ടോക്കോൾ പാലിച്ച് പരമാവധി ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനുള്ള കർമ്മപദ്ധതി ആരംഭിക്കുമോയെന്ന് അറിയിക്കാമോ; | (ബി) | നമ്മുടെ നാട് സന്ദർശിക്കുന്ന വിനോദസഞ്ചാരികൾക്ക് സുരക്ഷിതമായ യാത്രാ അനുഭവം പ്രദാനം ചെയ്യുവാൻ സമ്പൂർണ്ണ വാക്സിനേഷൻ എന്ന ലക്ഷ്യം മുൻ നിർത്തി രംഗത്തെ വ്യവസായികളുമായി ചേർന്ന് നിരവധി വാക്സിനേഷൻ ക്യാമ്പുകൾ ടൂറിസം വകുപ്പ് സംഘടിപ്പിച്ചിരുന്നു. ഇതനുസരിച്ച് സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങളെ ഒരു ബയോബബിൾ സംരക്ഷണം ഉറപ്പാക്കാനും ടൂറിസം വകുപ്പിന് സാധിച്ചു. വിനോദസഞ്ചാരികളെ കോവിഡിൽ നിന്നും പരമാവധി സുരക്ഷിതരാക്കാൻ കാര്യക്ഷമവും സൂക്ഷ്മവുമായ ബയോബബിൾ മാതൃകയിലുള്ള ഈ സംവിധാനം വഴി കഴിഞ്ഞു. കേരളത്തിലെ ഏതു വിമാനത്താവളത്തിലും ഇറങ്ങുന്ന വിനോദസഞ്ചാരികൾ പ്രതിരോധ കുത്തിവയ്പ്പ് എടുത്ത ജീവനക്കാരുമായി മാത്രം ഇടപഴകുന്ന തരത്തിലാണ് ബയോബബിളിന്റെ സംരക്ഷണ വലയം. കോവിഡ് മഹാമാരിയെത്തുടർന്ന് പ്രതിസന്ധിയിലായ വിനോദസഞ്ചാര മേഖലയുടെ വികസനത്തിനായി വിവിധതരത്തിലുള്ള വിപണനപദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കി വരുന്നു. കോവിഡ് ഒന്നാം തരംഗത്തിന് ശേഷം വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായി താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കി. "ചെയ്ഞ്ച് ഓഫ് എയർ" എന്ന തീമിനെ അടിസ്ഥാനമാക്കി വിഷ്വൽ മീഡിയകളിലൂടെയും, പ്രിന്റ് മീഡിയകളിലൂടെയും, ഓൺലൈൻ ഉൾപ്പെടെയുള്ള സമൂഹ മാധ്യമങ്ങളിലൂടെയും ആണ് ഈ ക്യാമ്പയിനുകൾ നടപ്പിലാക്കിയത്. പോസ്റ്റ് കോവിഡ് ക്യാമ്പയിനുകൾ 1. പോസ്റ്റ് കോവിഡ് ക്യാമ്പയിൻ ഇൻ ഒ.റ്റി.റ്റി. ചാനൽ 2. പോസ്റ്റ് കോവിഡ് ക്യാമ്പയിൻ എഫ്.എം. റേഡിയോ ആൻഡ് മ്യൂസിക് സ്ട്രീമിംഗ് ചാനൽസ്. 3. പോസ്റ്റ് കോവിഡ് ക്യാമ്പയിൻ-നാഷണൽ ടിവി 4. പോസ്റ്റ് കോവിഡ് ഓൺലൈൻ ആഡ് ക്യാമ്പയിൻ 5. പോസ്റ്റ് കോവിഡ് സോഷ്യൽ മീഡിയ ടാക്ടിക്കൽ ക്യാമ്പയിൻ തദ്ദേശീയരെ ലക്ഷ്യമാക്കി കേരളം |

കാണാം എന്ന ക്യാമ്പയിൻ സമൂഹ മാധ്യമങ്ങൾ വഴി ആവിഷ്കരിച്ച നടപ്പിലാക്കി. കൂടാതെ കേരള ടൂറിസത്തിന്റെ വെബ്സൈറ്റ് വഴി വിർചൽ ടൂർ ക്യാമ്പയിൻ നടത്തുകയും ചെയ്തു. മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ള സഞ്ചാരികളെ ലക്ഷ്യമാക്കി ഹണിമൂൺ, ഡ്രൈവ് ഹോളിഡെയ്സ് എന്നീ ക്യാമ്പയിൻ ആവിഷ്കരിച്ച് നടപ്പിലാക്കി. ഇന്ത്യയിലെ മികച്ച ട്രാവൽ ബ്ലോഗർമാരെ കേരളത്തിലെ വിവിധ ടൂറിസം കേന്ദ്രങ്ങൾ സന്ദർശിപ്പിക്കുകയും അവർ മുഖേന സമൂഹ മാധ്യമങ്ങളിൽ പ്രചാരണം നടത്തുകയും ചെയ്തു. കോവിഡ് മഹാമാരി മൂലമുണ്ടായ യാത്രാനിയന്ത്രണങ്ങൾ നീക്കം ചെയ്തതിന് നമ്മുടെ നാട് സന്ദർശിക്കുന്ന വിനോദസഞ്ചാരികൾക്ക് സുരക്ഷിതമായ യാത്രാ അനുഭവം പ്രദാനം ചെയ്യുവാൻ സമ്പൂർണ്ണ വാക്സിനേഷൻ എന്ന ലക്ഷ്യം മുൻ നിർത്തി രംഗത്തെ വ്യവസായികളുമായി ചേർന്ന് നിരവധി വാക്സിനേഷൻ ക്യാമ്പുകൾ ടൂറിസം വകുപ്പ് സംഘടിപ്പിച്ചിരുന്നു. ഇതനുസരിച്ച് സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങളെ ഒരു ബയോബബിൾ സംരക്ഷണം ഉറപ്പാക്കാനും ടൂറിസം വകുപ്പിന് സാധിച്ചു. വിനോദസഞ്ചാരികളെ കോവിഡിൽ നിന്നും പരമാവധി സുരക്ഷിതരാക്കാൻ കാര്യക്ഷമവും സൂക്ഷ്മവുമായ ബയോബബിൾ മാതൃകയിലുള്ള ഈ സംവിധാനം വഴി കഴിഞ്ഞു. കേരളത്തിലെ ഏതു വിമാനത്താവളത്തിലും ഇറങ്ങുന്ന വിനോദസഞ്ചാരികൾ പ്രതിരോധ കുത്തിവയ്പ്പ് എടുത്ത ജീവനക്കാരുമായി മാത്രം ഇടപഴകുന്ന തരത്തിലാണ് ബയോബബിളിന്റെ സംരക്ഷണ വലയം. കോവിഡ് മഹാമാരിയെത്തുടർന്ന് പ്രതിസന്ധിയിലായ വിനോദസഞ്ചാര മേഖലയുടെ വികസനത്തിനായി വിവിധതരത്തിലുള്ള വിപണനപദ്ധതികൾ ആവിഷ്കരിച്ച നടപ്പിലാക്കി വരുന്നു. കോവിഡ് ഒന്നാം തരംഗത്തിന് ശേഷം വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായി താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച നടപ്പിലാക്കി. "ചെയ്ഞ്ച് ഓഫ് എയർ" എന്ന തീമിനെ അടിസ്ഥാനമാക്കി വിഷ്വൽ മീഡിയകളിലൂടെയും, പ്രിന്റ് മീഡിയകളിലൂടെയും, ഓൺലൈൻ ഉൾപ്പെടെയുള്ള സമൂഹ മാധ്യമങ്ങളിലൂടെയും ആണ് ഈ ക്യാമ്പയിനുകൾ നടപ്പിലാക്കിയത്. പോസ്റ്റ് കോവിഡ് ക്യാമ്പയിനുകൾ 1. പോസ്റ്റ് കോവിഡ് ക്യാമ്പയിൻ ഇൻ ഒ.റ്റി.റ്റി. ചാനൽ 2. പോസ്റ്റ് കോവിഡ് ക്യാമ്പയിൻ എഫ്.എം. റേഡിയോ ആൻഡ് മ്യൂസിക് സ്ട്രീമിംഗ് ചാനൽസ്. 3. പോസ്റ്റ് കോവിഡ് ക്യാമ്പയിൻ-നാഷണൽ ടിവി 4.

| | | | |
|---|---|---|---|
| | | | പോസ്റ്റ് കോവിഡ് ഓൺലൈൻ ആഡ് ക്യാമ്പയിൻ 5. പോസ്റ്റ് കോവിഡ് സോഷ്യൽ മീഡിയ ടാക്ടിക്കൽ ക്യാമ്പയിൻ തദ്ദേശീയരെ ലക്ഷ്യമാക്കി കേരളം കാണാം എന്ന ക്യാമ്പയിൻ സമൂഹ മാധ്യമങ്ങൾ വഴി ആവിഷ്കരിച്ച് നടപ്പിലാക്കി. കൂടാതെ കേരള ടൂറിസത്തിന്റെ വെബ്സൈറ്റ് വഴി വിർചൽ ടൂർ ക്യാമ്പയിൻ നടത്തുകയും ചെയ്തു. മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള സഞ്ചാരികളെ ലക്ഷ്യമാക്കി ഹണിമൂൺ, ഡ്രൈവ് ഹോളിഡെയ്സ് എന്നീ ക്യാമ്പയിൻ ആവിഷ്കരിച്ച് നടപ്പിലാക്കി. ഇന്ത്യയിലെ മികച്ച ട്രാവൽ ബ്ലോഗർമാരെ കേരളത്തിലെ വിവിധ ടൂറിസം കേന്ദ്രങ്ങൾ സന്ദർശിപ്പിക്കുകയും അവർ മുഖേന സമൂഹ മാധ്യമങ്ങളിൽ പ്രചാരണം നടത്തുകയും ചെയ്തു. കോവിഡ് മഹാമാരി മൂലമുണ്ടായ യാത്രാനിയന്ത്രണങ്ങൾ നീക്കം ചെയ്തതിന് ശേഷം യാത്ര ചെയ്യാൻ ഏറ്റവും സുരക്ഷിതമായ സ്ഥലമാണ് കേരളം എന്ന വസ്തുത ശക്തിപ്പെടുത്തുന്നതിനായി പോസ്റ്റ് കോവിഡ് റീ അഷ്വറൻസ് ക്യാമ്പയിൻ സമൂഹ മാധ്യമങ്ങളിലൂടെയും ഡിജിറ്റൽ മീഡിയ വഴിയും നടത്തി വരുന്നു. കേരളത്തിലേക്കുള്ള അവധിക്കാല യാത്രകൾ പുനരുജ്ജീവിപ്പിക്കുന്നതിനും ആഭ്യന്തര വിപണികളിൽ ഒന്നാമത് എത്തുന്നതിനും പോസ്റ്റ് കോവിഡ് ഡൊമസ്റ്റിക് ക്യാമ്പയിനും നടത്തിവരികയാണ്. നൂതനമായ ടൂറിസം ഉൽപ്പന്നം എന്ന നിലയിൽ കൂടുതൽ സഞ്ചാരികളെ ആകർഷിക്കുന്നതിനായി കാരവൻ ടൂറിസം എന്ന പദ്ധതി ആവിഷ്കരിച്ചുനടപ്പിലാക്കിവരികയാണ്. സഞ്ചാരികൾക്ക് വിവിധ ടൂറിസം കേന്ദ്രങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാകുന്ന രീതിയിൽ നവീകരിച്ച മൊബൈൽ ആപ്പ് പുറത്തിറക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | തദ്ദേശീയ ചെറുകിട ടൂറിസം പദ്ധതികൾക്കുകൂടി പ്രാമുഖ്യം നൽകാൻ നടപടി സ്വീകരിക്കുമോ? | (സി) | നിലവിൽ ഉത്തരവാദിത്ത ടൂറിസം മിഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ എല്ലാം തദ്ദേശിയ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെയും പ്രാദേശിക പങ്കാളിത്തത്തോടെയുമാണ് നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ